## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.387** — **29.01.2019-ൽ മറുപടിയ്ക്ക്**

## നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ജി.എസ്.ടി. നടപ്പിലാകുന്നതിന് മുമ്പ് തന്നെ വിവര സാങ്കേതിക വിദ്യയുടെ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തി രജിസ്ട്രേഷൻ നടപടികൾ, റിട്ടേൺ ഫയലിംഗ്, ഇ-പേയ്മെന്റ് എന്നിവ പൂർണ്ണമായും ഓൺലൈനായി നടപ്പാക്കിയിരുന്നു. ജി.എസ്.ടി നടപ്പിലായതോടെ ഇന്ത്യയൊട്ടാകെ ഇതിന്റെ ഓൺലൈൻ ഫയലിംഗ്, പേയ്മെന്റ് സമ്പ്രദായം GSTN ആണ് നടപ്പിലാക്കി വരുന്നത്. എന്നാൽ ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം ജി.എസ്.ടി റിട്ടേൺ പൂർണ്ണമായും ഇതുവരെ ഫയൽ ചെയ്യാനുള്ള സംവിധാനം നടപ്പിലാ യിട്ടില്ല. കൂടാതെ ചരക്കു നീക്കങ്ങളുടെ വിശദാംശങ്ങളും ഇ-വേ ബിൽ വഴി പൂർണ്ണമായും ഓൺലൈൻ ആയി രേഖപ്പെടുത്തുന്നുണ്ട്. ഇതിന്റെ തുടർ നടപടിയുടെ ഭാഗമായി ഇ-വേ ബിൽ സംവിധാനത്തെ RFID യുമായി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. GST യിൽ റിട്ടേൺ ഫയലിംഗ്, നികുതി അടവ്, രജിസ്ട്രേഷൻ നടപടികൾ എന്നിവ പൂർണ്ണമായും ഓൺലൈൻ ആണ്. ജി.എസ്.ടി. റിട്ടേൺ ഫയലിംഗുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ എത്രയും പെട്ടെന്ന് പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി എത്ര തുക | (ബി) | 01/04/2016 മുതൽ 31/03/2018 വരെയുള്ള കാലയളവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി വകുപ്പിന് 56428 കേസുകളിൽ നിന്നായി **11,20,42,271** രൂപ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| . | ലഭിച്ചിട്ടുണ്ട്; 01.04.2016 മുതൽ 31.03.2018 വരെയുള്ള കണക്ക് ലഭ്യമാക്കാമോ; | | |
| (സി) | 2018-19 സാമ്പത്തികവർഷത്തെ പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്ര; നാളിതുവരെ എത്ര തുക പിരിച്ചെടുത്തു; വിശദാംശം ലഭ്യമാക്കാമോ? | (സി) | 2018-19 സാമ്പത്തിക വർഷം പ്രതീക്ഷിച്ച റവന്യൂ വരുമാനം 1,02,801.24 കോടി രൂപയാണ്. 31.12.2018 വരെ 64,227.23 കോടി രൂപ പിരിച്ചെടുത്തു. |

സെക്ഷൻ ഓഫീസർ